**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3644 10.04.2013 - ൽ മറുപടിയ്ക്ക്

സാമൂഹ്യസുരക്ഷാ മിഷൻ തസ്തികകൾ

ചോദ്യം | ഉത്തരം

ശ്രീ. വി. ശിവൻകുട്ടി

**ഡോ. എം.കെ. മുനീർ**
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ബൈലാപ്രകാരം സർക്കാർ അനുമതിയോടു കൂടി മാത്രമേ തസ്തികകൾ സൃഷ്ടിക്കാവൂ എന്നും ഫിനാൻസ് വകുപ്പും സർക്കാരും അംഗീകരിക്കുന്ന പ്രോജക്ടുകളിൽ അനുവദിക്കപ്പെടുന്ന തസ്തികകളിൽ മാത്രമേ നിയമനം നൽകാവൂ എന്നും, വ്യക്തമായി നിർദ്ദേശം നൽകപ്പെട്ടിട്ടുള്ളപ്പോൾ മുൻകൂർ സർക്കാർ അനുമതി ഇല്ലാതെ ഏതെങ്കിലും തസ്തികയിൽ സാമൂഹ്യസുരക്ഷാ മിഷനിൽ നിയമനം നല്കിയിട്ടുണ്ടോ; | (എ) യും (ബി) യും | കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ബൈലാപ്രകാരം, മിഷനിൽ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്. എന്നാൽ നിയമനങ്ങൾക്ക് സർക്കാർ അനുമതി വേണമെന്ന കാര്യം ബൈലായിൽ വ്യവസ്ഥ ചെയ്യുന്നില്ല. പ്രോജക്ടുകളിലെ തസ്തിക സൃഷ്ടിക്കലും നിയമനവും ബൈലായിൽ പരാമർശിക്കപ്പെടുന്ന വിഷയമല്ല. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ? | | |

R. Vijayan

സെക്ഷൻ ഓഫീസർ